8 ഓളം വ്യവസായികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ചെറുകിട വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് ഏകദേശം 200-ഓളം വ്യവസായ സംരംഭകർ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ആരംഭിച്ചിട്ടില്ല. ടെക്നോപാർക്കിൽ സ്വകാര്യമേഖലയിൽ 10 വിദേശ കമ്പനികളും 7 വിദേശ മലയാളികളുടെ കമ്പനികളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യിൽ ഈ കാലയളവിൽ 16 വിദേശ/വിദേശ മലയാളി കമ്പനികൾ നിക്ഷേപം നടത്തുവാൻ തീരുമാനമായിട്ടുണ്ട്.

(ബി) കിൻഫ്ര - 1, ടെക്നോ പാർക്ക് - 17, കെ.എസ്.ഐ.ഡി.സി - 5 ഇവയുടെ എല്ലാം കൂടി മൊത്തം മുതൽമുടക്ക് 147.30 കോടി രൂപയാണ്.

ടൂറിസം വ്യവസായം

19 (2075)ശ്രീ. വി. ബാലറാം :

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. ജോർജ്ജ് ജെ. മാത്യു :

ശ്രീമതി രാധാ രാഘവൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സന്ദർശിക്കുന്ന ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് സംസ്ഥാനത്ത് എന്തെല്ലാം വ്യവസായങ്ങൾ നടത്തുന്നുണ്ട്;

(ബി) പ്രസ്തുത വ്യവസായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ഈ വ്യവസായത്തിൽ എത്രപേർ ഏർപ്പെട്ടിട്ടുണ്ട്;

(ഡി) പ്രതിവർഷം എന്തു തുകയ്ക്കുള്ള ഉൽപ്പന്നങ്ങൾ ഇത്തരം വ്യവസായങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ട്.

ഉത്തരം

(എ)&(ബി) ആകർഷകങ്ങളായ കയർ ഉല്പന്നങ്ങൾ കൈത്തറി ഉല്പന്നങ്ങൾ, കരകൗശല ഉല്പന്നങ്ങൾ മുതലായവ നിർമ്മിക്കുന്ന വ്യവസായങ്ങളും ഹൗസ്ബോട്ട് നിർമ്മാണവും സംസ്ഥാനം സന്ദർശിക്കുന്ന ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് നടത്തുന്ന പ്രധാന വ്യവസായങ്ങളാണ്.

(സി) ഏകദേശം 6 ലക്ഷം പേർ ഈ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ടൂറിസ്റ്റുകൾക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ മാത്രമായി നിർമ്മിക്കുന്നവരുടെ എണ്ണം ഇതുവരെ കണക്കാക്കിയിട്ടില്ല. കരകൗശല രംഗത്ത് പതിനായിരത്തോളം പേർ തൊഴിൽ ചെയ്തുവരുന്നുണ്ട്.

(ഡി) പ്രതിവർഷം ഈ വ്യവസായമേഖലകളിൽ എല്ലാംകൂടി ഉദ്ദേശം 1181 കോടി രൂപയ്ക്കുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നു. അവയിൽ ചെറിയ ഒരു ഭാഗം മാത്രമേ ടൂറിസ്റ്റുകൾക്കായി ഉൽപ്പാദിപ്പിക്കുന്നുള്ളൂ. കൃത്യമായ കണക്ക് ഇതുവരെ ശേഖരിച്ചിട്ടില്ല. 1998-99-ൽ സംസ്ഥാന കരകൗശലകോർപ്പറേഷൻ ആകെ 8.69 കോടി രൂപയുടെ വിൽപ്പന നടത്തിയതിൽ 43 ലക്ഷം രൂപ വിദേശനാണ്യമായി ലഭിച്ചതാണ്.

മാർജിൻ മണി

20 (2076)ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly